സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണർ ആഫീസ്, ഫോർട്ട്, തിരുവനന്തപുരം - 23, ഫോ - 04712464022.
dydcotvpmtdb@gmail.com

**ROC 90/2022/ലേലം.** **15/02/2022.**

## നിബന്ധന

തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണറുടെ അധികാര പരിധിയിയിൽ വരുന്ന വർക്കല ഗ്രൂപ്പുകളിൽപ്പെട്ട ശാർക്കര ദേവസ്വത്തിലെ 2022 വർഷത്തെ ശാർക്കര ദേവസ്വത്തിലെ തറ ലേലം (65 ദിവസത്തേയ്ക്ക്) ഇ - ടെൻഡർ വഴി ആളേർപ്പെടുത്തുന്നത് സംബന്ധിച്ച പൊതു നിബന്ധന. നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യവും, ടെൻഡറും ഓൺലൈന സമർപ്പിയ്ക്കാവുന്നതാണ്. മിനിമം ക്വാട്ട് ചെയ്യേ തുകയേക്കാൾ കുറഞ്ഞ തുക ക്വാട്ട് ചെയ്യുവാൻ പാടുള്ളതല്ല. കൂടാതെ ബോർഡുത്തരവ് പ്രകാരമുള്ള ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ കൂടെ പാലിക്കുവാൻ ടെൻഡറിൽ പങ്കെടുക്കുന്നവർ ബാദ്ധ്യസ്ഥരായിരിക്കും.

1. ടെൻഡറിൽ പങ്കെടുക്കുന്നവർ https/etenders.kerala.gov.in എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ - ടോക്കൻ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേതു. ഇ - ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേതാണ്.
2. ശാർക്കര തറ ലേലം (65 ദിവസം) പിടിക്കുന്ന വ്യക്തി കുത്തക തുക അന്നേദിവസം തന്നെ ഒന്നായി ഒടുക്ക് വരുത്തി കുത്തക അനുവാദ ഉത്തരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കേതാണ്.
3. തറ ലേലം (65 ദിവസം) പിടിക്കുന്ന വ്യക്തി ലേലത്തിൽ നിഷ്കർഷിച്ചിരിയ്ക്കുന്ന സ്ഥലത്ത് മാത്രമേ സ്റ്റാളുകൾ കെട്ടുവാൻ പാടുള്ളൂ. കുത്തക കാലാവധി കഴിയുന്ന മുറയ്ക്ക് കടകൾ കുത്തകക്കാരന്റെ പൂർണ്ണ ചെലവിൽ പൊളിച്ച് പൂർവ്വ സ്ഥിതിയിൽ ആക്കേതാണ്.
4. കുത്തക ഏറ്റെടുക്കുന്നവർ ലേല തുകയുടെ 18 ശതമാനം ജി.എസ്.റ്റി തുക കൂടി ഒടുക്ക് വരുതാതുവാൻ ബാദ്ധ്യസ്ഥരാണ്. കുത്തക തുക, ജി.എസ്.റ്റി തുക എന്നിവ പൂർണ്ണമായി ഒടുക്ക് വരുത്തിയ ശേഷമേ ഇ.എം.ഡി തുക തിരികെ നൽകുകയുള്ളു. കൂടാതെ കുത്തക സംബന്ധിച്ച് സർക്കാരിലേയ്ക്ക് ജി.എസ്.റ്റി ഉൾപ്പെടെ എന്തെങ്കിലും നികുതി ഒടുക്കേതുള്ളപക്ഷം ആയത് കുത്തകക്കാരൻ ടി നികുതി നേരിട്ട് ഒടുക്കുന്നതിന് ബാധ്യസ്ഥനാണ്.
5. ലേലക്കാർ ലേലത്തിൽ പങ്കെടുക്കുന്നതിനും, നടത്തിപ്പിനും കോവിഡ് - 19 മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് കൊള്ളേതാണ്.

| നമ്പർ | ഗ്രൂപ്പ് | ദേവസ്വം | ഇനം | മിനിമം ക്വാട്ട് ചെയ്യേണ്ട തുക | ഇ.എം.ഡി തുക |
|---|---|---|---|---|---|
| 1 | വർക്കല | ശാർക്കര | തറ ലേലം | 1,22,71,106 | 12,27,110 |

## നിബന്ധനകൾ

1. ടെൻഡറിൽ പങ്കെടുക്കുന്നവർ **http:/etenders.kerala.gov.in** എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ-ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ-ടോക്കണുകൾ **SIFY/ TCS/ncode** തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും ഇനം കുത്തക ഏറ്റു നടത്തുവാൻ ആഗ്രഹിക്കുന്നയാൾ ടി. കുത്തകയുമായി ബന്ധപ്പെട്ട സ്ഥലം/ഷെഡ്/കെട്ടിടം നേരിട്ട് ബോദ്ധ്യപ്പെട്ടശേഷം ടെൻഡറിൽ പങ്കെടുക്കേണ്ടതാണ്.
2. ടെൻഡറിൽ പങ്കെടുക്കുന്നവർ 500/- രൂപ രജിസ്ട്രേഷൻ ഫീ ഓൺലൈനായി അയയ്ക്കേണ്ടതാണ്. ടി തുക തിരികെ ലഭിക്കുന്നതല്ല. അപ്രകാരം ഹാജരാക്കാത്തവരേയും, നിരതദ്രവ്യം ഹാജരാക്കാത്തവരേയും, സാധാരണ വ്യവസ്ഥകളനുസരിച്ച് ടെൻഡറിൽ പങ്കെടുക്കുവാൻ യോഗ്യതയില്ലാത്തവരേയും ടെന്ററിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. മേൽപറഞ്ഞ യോഗ്യതകൾ ഉണ്ടായിരു

ന്നാലും ടെൻഡറിൽ ഏതെങ്കിലും വ്യക്തിയെ ചേർക്കുകയോ ചേർക്കാതിരിക്കുകയോ ചെയ്യുന്നതിന് ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ വ്യവസ്ഥകൾ നടപ്പു കോൺട്രാക്ടർമാർക്കും ബാധകമായിരിക്കും. മുൻകൂടിശ്ശികക്കാരേയും, ബ്ലാക്ക് ലിസ്റ്റ് ചെയ്തവരേയും യാതൊരു കാരണവശാലും ടെൻഡറിൽ പങ്കെടുപ്പിക്കുന്നതല്ല. (ഉടമ്പടി വയ്ക്കുന്ന അവസരത്തിൽ പോലീസ് ക്ളിയറൻസ് സർട്ടിഫിക്കറ്റും, ആവശ്യമായ ബാങ്ക് ഗ്യാരന്റിയും ഹാജരാക്കേണ്ടതാണ്. ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള കരാറുകാരെ ഒഴിവാക്കുന്നതിനുള്ള അധികാരം ബോർഡിൽ/ ബോർഡ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. സോൾവൻസി സർട്ടിഫിക്കറ്റ് സ്വീകരിക്കുന്ന തല്ല).

3. ഓരോ ഇനത്തിന്റേയും ടെൻഡറുകൾ പരിശോധിച്ച് ആരുടെയെങ്കിലും പേരിൽ ടെൻഡർ സ്ഥിരപ്പെടുത്തുന്നപക്ഷം ടിയാന്റേതൊഴിച്ച് മറ്റുള്ളവരുടെ നിരതദ്രവ്യം ഓൺലൈനായിതന്നെ അവരുടെ അക്കൗണ്ടിൽ തിരികെ നൽകുന്നതാണ്. ഓപ്പൺ ലേലത്തിൽ പങ്കെടുക്കുന്നവരിൽ ലേല ഉറപ്പിച്ചിട്ടുള്ളവരുടെ ഒഴികെയുള്ള ഇ.എം.ഡി തുക ലേല ഹാളിൽ രസീത് നൽകി തിരികെ കൈപ്പറ്റാവുന്നതാണ്.

4. ടെൻഡർ/ലേലം സ്വീകരിക്കുന്ന മുറയ്ക്ക് അവരുടെ പേരിൽ കുത്തക അനുവദിച്ച് വരുന്ന വിവരം കക്ഷികളെ തെര്യപ്പെടുത്തുന്നതും അപ്രകാരം കുത്തകാനുവാദം കിട്ടിയാൽ കൃത്യം ഏഴു ദിവസത്തിനകം, മുദ്രപ്പത്രത്തിൽ, ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചിട്ടുള്ള നക്കൽ പ്രകാരം ബന്ധപ്പെട്ട ആഫീസിൽ ഉടമ്പടിവച്ച് കുത്തക നടത്തേണ്ടതുമാകുന്നു.

5. ടെൻഡർ/ലേലം അവസാനിപ്പിച്ചതിന് ശേഷമോ/കുത്തക അനുവദിച്ചതിന് ശേഷമോ/ ടെന്റർ/ലേലം സ്വീകരിച്ചതിന് ശേഷമോ/ഉടമ്പടി വച്ചതിന് ശേഷമോ ടെന്ററുകാരൻ/കുത്തകക്കാരൻ കുത്തകയിൽ നിന്നു പിൻമാറുന്നതായാൽ ടിയാൻ വച്ചിട്ടുള്ള മുഴുവൻ തുകയും പ്രായശ്ചിത്തമായി ഡിപ്പാർട്ട്മെന്റിലേക്ക് മുതൽകൂട്ടുന്നതും കരാർ റദ്ദു ചെയ്യുന്നതുമാണ്.

6. കുത്തകക്കാരൻ/ടെന്റർകാരൻ ഏതെങ്കിലും തരത്തിൽ കുത്തക മുടക്കുന്നതു മൂലം ഡിപ്പാർട്ട്മെന്റിലേക്ക് ഏതെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം നിയമപ്രകാരമുള്ള നടപടികൾ നടത്തി ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കളിൽനിന്നും നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

7. യുക്തമെന്നു തോന്നുന്നപക്ഷം മേൽ വിവരിച്ച കുത്തകയുടെ ടെന്റർ/ലേലം നിറുത്തിവയ്ക്കുന്നതിന് ടെന്റർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതും അതിൻമേൽ പരാതിപ്പെടാൻ ടെന്റർ/ലേലകാർക്ക് അവകാശമില്ലാത്തതുമാകുന്നു.

8. കുത്തകക്കാർക്ക്/ടെന്റർകാർക്ക് ഡിപ്പാർട്ട്മെന്റിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറ്റുന്നതിനോ, കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതുമാകുന്നു.

9. ടെൻഡർ സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

10. കടകൾ നടത്തുന്നതിന് ദേവസ്വത്തിന്റെ ഭൂമിയോ, കെട്ടിടമോ ആവശ്യമായി വരുന്നകുത്തകക്കാർ നിയമാനുസരണം ഉടമ്പടിവെച്ച അറിയിപ്പ് ബന്ധപ്പെട്ട ദേവസ്വം ആഫീസിൽ നിന്നും കിട്ടുന്നമുറയ്ക്ക് പ്രസ്തുത സ്ഥലം കരാറുകാരൻ ബോദ്ധ്യപ്പെട്ട് ഏറ്റുവാങ്ങിയിരിക്കേണ്ടതാണ്. കുത്തകക്കാരന് കീഴിൽ ജോലി നോക്കുന്നവരുടെ വിവരവും, പോലീസ് ക്ളിയറൻസ് സർട്ടിഫിക്കറ്റും ബന്ധപ്പെട്ട ദേവസ്വം ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്.

11. കുത്തക്കാർ അവർക്ക് പരമാവധി ഉപയോഗിക്കാവുന്ന സ്ഥലത്തിൽ കവിഞ്ഞ് അധികമായി മറ്റ് യാതൊരു ആവശ്യത്തിനും സ്ഥലം കൈവശം വയ്ക്കുന്നതിന് അനുവാദമില്ലാത്തതാണ്.

12. കുത്തകക്കാരൻ തന്റെ കരാർ നടത്തുന്ന വകയിൽ ഉണ്ടാകുന്ന പാഴ്‌വസ്തുക്കൾ, ചപ്പുചവറുകൾ മറ്റ് മാലിന്യങ്ങൾ മുതലായവ ശേഖരിക്കാൻ ആശ്യമായ ചവറു വീപ്പകൾ സ്വന്തം ചെലവിൽ സ്ഥാപിച്ചിരിക്കേണ്ടതാണ്.

13. കുത്തക നടത്തുന്നതിന് ദേവസ്വത്തിൽനിന്നും അനുവദിക്കുന്ന ഭൂമി/കെട്ടിടം, ഏൽപ്പിക്കുന്ന അതേ സ്ഥിതിയിൽ ഉപയോഗിക്കുന്നതിനാണ്. ഈ നിലയ്ക്ക് മാറ്റം അനിവാര്യമാണെങ്കിൽ ഡിപ്പാർട്ട്മെന്റിൽനിന്നും മുൻകൂർ അനുവാദം വാങ്ങി സ്വന്തം ചെലവിൽ ചെയ്യേണ്ടതും കാലാവധിക്കുശേഷം ഡിപ്പാർട്ട് മെന്റിൽനിന്നും നിർദ്ദേശിക്കുന്ന പക്ഷം പഴയ നിലയിലാക്കി തിരിച്ചേൽപ്പിക്കേണ്ട തുമാണ്.

14. കരാർ വ്യവസ്ഥ ലംഘിക്കുന്ന കുത്തകക്കാരെ അപ്പോൾത്തന്നെ കുത്തക അവ സാനിപ്പിക്കുന്നതിനും ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണമായ അധികാരമുണ്ടായിരിക്കുന്നതും ആയതിന് യാതൊരു നഷ്ടപരിഹാ രവും ആവശ്യപ്പെടാൻ കരാറുകാരന് അവകാശമില്ലാത്തതുമാകുന്നു.

15. ദേവസ്വം ഉദ്യോഗസ്ഥരുടെ കാലാകാലങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ കുത്തകക്കാരും ബാദ്ധ്യസ്ഥരാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വരുടെയും, ദേവസ്വത്തിന് ഹാനികരമായ എന്തെങ്കിലും പ്രവൃത്തിയിൽ ഏർപ്പെ ടുന്നവരുടേയും കുത്തക താൽക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുന്നതിന് ബോർഡിന് പൂർണ്ണ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

16. സർക്കാരും ബോർഡും നിശ്ചയിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ട താണ്.

17. കുത്തകകൾ ഏറ്റെടുക്കുന്നവരുടെ നടപടികൾ നിമിത്തം ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമായോ പരിസ്ഥിതിക്ക് ദോഷകരമായോ ഭക്തരെ ചൂഷണം ചെയ്യുന്നവിധത്തിലൊ എന്തെങ്കിലും പ്രവർത്തനം ഉണ്ടാകുന്നപക്ഷം അവരുടെ കുത്തക അറിയിപ്പ് കൂടാതെ ഉടനടി റദ്ദുചെയ്യുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും ദേവസ്വം കമ്മീഷണർക്കും, ദേവസ്വം ബോർഡിനും അധി കാരം ഉണ്ടായിരിക്കുന്നതാണ്.

18. കുത്തക സംബന്ധിച്ച് സർക്കാരിലേയ്ക്ക് എന്തെങ്കിലും നികുതി കൊടുക്കേണ്ട തുണ്ടായിരുന്നാൽ കുത്തകക്കാരൻ ടി നികുതി നേരിട്ട് കൊടുക്കുന്നതിന് ബാദ്ധ്യ സ്ഥനാണ്.

19. കുത്തക ലഭിക്കുന്നവരുടെ ഇ.എം.ഡി തുകകൾ കുത്തക കാലാവധിയ്ക്ക് ശേഷം അതാത് ഉദ്യോഗസ്ഥരിൽ നിന്നും ബാദ്ധ്യത ഇല്ലായെന്നുള്ള സർട്ടിഫി ക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

20. ഇ.എം.ഡി ഇനത്തിൽ കെട്ടി വയ്ക്കുന്ന തുക ടെൻഡറിൽ ക്വാട്ട് ചെയ്യുന്ന തുക യുമായി ഏതൊരു കാരണവശാലും പരിഗണിയ്ക്കുന്നതില്ല.ടെൻർ ലഭിക്കുന്നവ രുടെ ഇ.എം.ഡി തുക കുത്തക കാലാവധിയ്ക്കു ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.

21. കുത്തക ഏറ്റെടുക്കുന്നവർ ലേല തുകയുടെ 18 ശതമാനം ജി.എസ്.റ്റി തുക കൂടി ഒടുക്കേണ്ടതാണ്. **കുത്തക തുക, ജി.എസ്.റ്റി തുക എന്നിവ പൂർണ്ണമായി ഒടുക്ക് വരുത്തിയ ശേഷമേ ഇ.എം.ഡി തുക തിരികെ നൽകുകയുള്ളു**

| Etender closing and opening details | |
|---|---|
| BID SUBMISSION STARTING DATE | 16.02.2022,10.00 AM |
| BID SUBMISSION CLOSING DATE | 24.02.2022,05.00 PM |
| BID OPENING DATE | 26.02.2022,11.00 AM at the Office of DEPUTY DEVASWOM COMMISSIONER THIRUVANATHAPURAM, FORT P.O Thiruvananthapuram |

**കൂടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ** www.travancoredevaswomboard.org, www.etenderskerala.gov.in **വെബ്സൈറ്റ് വഴിയോ, തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണർ ആഫീസിൽ നിന്നോ, അറിയുവാൻ കഴിയുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതും, നിരാകരി**

**യ്ക്കുന്നതും** ഡിപ്പാർട്ടമെന്റിൻെറ യുക്തംപോലെ ആയിരിയ്ക്കുന്നതും, ലേലവ്യവസ്ഥകൾ ഡിപ്പാർട്ട്മെന്റ് **തീരു**
മാനിയ്ക്കുന്നതുമാണ്

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണർ ആഫീസ്**, തിരുവനന്തപുരം – **0471 – 2464022.**

**ദേവസ്വം കമ്മീഷ്ണർ ആഫീസ് – 0471– – 2314288.**

Sd/-

ബി. മധുസൂദനനൻനായർ,

**ഡെപ്യൂട്ടി** ദേവസ്വം കമ്മീഷണർ,

തിരുവനന്തപുരം.